സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.10685/22/എസ്റ്റ-എ

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
27/07/2022.

## സർക്കുലർ

വിഷയം:- കാണിക്ക സ്പെഷ്യൽ ഡ്യൂട്ടി സംബന്ധിച്ച് - ഭേദഗതി ചെയ്ത് സർക്കുലർ പുറപ്പെടുവിക്കുന്നു.

സൂചന:- 1. 28/06/2022-ലെ മേൽ നമ്പർ സർക്കുലർ.
2. ഏറ്റുമാനൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 05/07/2022-ലെ 1510 നമ്പർ റിപ്പോർട്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിൽപ്പെടുന്ന ക്ഷേത്രങ്ങളിൽ, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ നടത്തുന്ന കാണിക്ക പ്രോഗ്രാമുകൾക്ക് മാത്രമേ മറ്റ് സബ്ഗ്രൂപ്പുകളിൽ നിന്നും ജീവനക്കാരെ ഡ്യൂട്ടിയ്ക്ക് നിയോഗിക്കുവാൻ പാടുള്ളൂ എന്നും ഓരോ തവണയും ജീവനക്കാരെ മാറ്റി മാറ്റി ഡ്യൂട്ടിയ്ക്ക് നിയോഗിക്കേണ്ടതാണെന്നും വിവരിച്ച് സൂചന (1) സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

എന്നാൽ ഏറ്റുമാനൂർ ക്ഷേത്രത്തിൽ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറും, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറും കാണിക്ക പ്രോഗ്രാം നിശ്ചയിച്ച് കാണിക്ക തിട്ടപ്പെടുത്താറുണ്ടെന്നും, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ നടത്തുന്ന കാണിക്ക പ്രോഗ്രാമിൽ 15 ജീവനക്കാരോളം മറ്റ് സബ്ഗ്രൂപ്പുകളിൽ നിന്നും ഡ്യൂട്ടിയ്ക്ക് നിയോഗിക്കേണ്ടതായി വരുമെന്നും ആകയാൽ ഏറ്റുമാനൂർ ദേവസ്വത്തിൽ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ നടത്തുന്ന കാണിക്ക പ്രോഗ്രാമിനും മറ്റ് സബ്ഗ്രൂപ്പുകളിൽ നിന്നും ജീവനക്കാരെ ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്നതിന് അനുവാദ ഉത്തരവുണ്ടാകണമെന്നും വിവരിച്ച് സൂചന (2) റിപ്പോർട്ട് ലഭിച്ചു.

സൂചന (2) റിപ്പോർട്ട് വിശദമായി പരശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന (1) ആയി പുറപ്പെടുവിച്ചിരുന്ന സർക്കുലർ ഉത്തരവ് ചുവടെ വിവരിക്കും പ്രകാരം ഭേദഗതി വരുത്തുന്നു.

3,00,000/- രൂപയോ അതിൽ കൂടുതലോ കാണിക്ക വരുമാനം പ്രതിമാസം ലഭിക്കുന്ന ദേവസ്വങ്ങളിലെ കാണിക്ക പ്രോഗ്രാമുകൾക്ക് മാത്രം മറ്റ് സബ്ഗ്രൂപ്പുകളിൽ നിന്നും ജീവനക്കാരെ നിയോഗിക്കേണ്ടതാണ്. കൂടാതെ ഓരോ തവണയും ജീവനക്കാരെ മാറ്റി മാറ്റി ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതുമാണ്.

ദേവസ്വം കമ്മീഷണർ

പകർപ്പ്:-
1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ്&സെക്യൂരിറ്റി)
3. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
4. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
5. ഇ.ഡി.പി സെക്ഷൻ
6. ഫെയർ ഓഫീസ് കോപ്പി

AR.27/07